# കേരളം: തമിഴന്റെ സ്വർഗ്ഗം മലയാളിയുടെ നരകം

**മീഡിയാമേറ്റ് ന്യൂസ് സർവ്വീസ്**

കേരളത്തിന്റെ ഉയർന്ന വിദ്യാഭ്യാസ നിലവാരം, കേരളീയനു ഗുണമോ ദോഷമോ ചെയ്യുന്നത് എന്നൊരു വിലയിരുത്തലിന് കാലമായിരിക്കയാണ്.

ഉയർന്ന വിദ്യാഭ്യാസ നിലവാരം കേരളീയന്റെ ജീവിത വീക്ഷണത്തെയോ മൂല്യബോധത്തെയോ ആത്മധൈര്യത്തെയോ ഒട്ടും പോഷിപ്പിച്ചിട്ടില്ല. എന്നല്ല, ഗുരുതരമായി വികൃതമാക്കുകയും ചെയ്തിരിക്കുന്നു.

ഉദാഹരണത്തിന്, തൊഴിലിനെക്കുറിച്ചുള്ള കേരളീയന്റെ മനോഭാവം നോക്കുക. തൊഴിൽ രഹിതർ എന്ന നിലക്ക് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിരിക്കുന്നവരുടെ എണ്ണം 35 ലക്ഷത്തിനുമേൽവരും. കേരളത്തിലെ തൊഴിലില്ലായ്മയുടെ കണക്കുകൾ പറയുമ്പോഴൊക്കെ ഉദ്ധരിക്കപ്പെടുന്നത് ഈ 35 ലക്ഷം യുവതി യുവാക്കളുടെ കാര്യമാണ്. വാസ്തവത്തിൽ ഇത്രയും തൊഴിൽ രഹിതർ ഇവിടെയുണ്ടോ?

ഇല്ല എന്നതാണ് വാസ്തവം. 18 വയസ്സ് തികഞ്ഞാലുടനെ എംപ്ലോയ്മെന്റ് എക്സേഞ്ചിൽ പേരു രജിസ്റ്റർ ചെയ്യുക എന്നത് ഒരു ശീലമാണിന്ന്. ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും പഠിക്കുന്ന വിദ്യാർത്ഥികളിൽ മഹാഭൂരിപക്ഷവും, അങ്ങിനെ തൊഴിൽ രഹിതരുടെ കണക്കിൽ പെടുന്നു. പാരലൽ കോളേജ് അദ്ധ്യാപകരും ഓട്ടോറിക്ഷ ഡ്രൈവർമാരും സ്വയം ബിസിനസ്സ് നടത്തുന്നവരും പ്രൈവറ്റ് വാഹനങ്ങളുടെ ഡ്രൈവർമാരും കണ്ടക്ടർമാരും ഒക്കെ ഉൾപ്പെട്ട, ഭേദപ്പെട്ട വരുമാനമുള്ള ഇടത്തരം വരുമാനമുള്ളവരുമായ സകലരും തൊഴിൽ രഹിതനായി പ്രഖ്യാപിച്ച്, ആ ലിസ്റ്റിൽ കയറിക്കൂടിയിരിക്കുകയാണ്.

അതായത്, സർക്കാർ ജോലിയല്ലാത്ത മറ്റൊന്നും ജോലിയായി കണക്കാക്കാനാവാത്ത ഒരു മനോനിലയിലാണു നമ്മൾ എന്നർത്ഥം. കൃഷിപ്പണിയും ചെറുകിട കച്ചവടങ്ങളും സ്വയം തൊഴിലുകളുമൊക്കെ എന്തോ നീചവൃത്തികളോ അധമവൃത്തികളോ ആയി കണക്കാക്കുന്ന ഈ മനോഭാവം ആധുനിക വിദ്യാഭ്യാസം വരുത്തിവെച്ച വിനയാണ്. ഏതു തൊഴിലും മാന്യമാണ് എന്ന ചിന്താഗതി വളർത്തുന്നതിൽ പരാജയപ്പെടുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം സമൂഹത്തെ തകർക്കുകയേയുള്ളു-അതിനുദാഹരണമായി കേരളം മാറിയിരിക്കുകയാണ്.

സർക്കാരിതര തൊഴിൽ മേഖലകളിലേർപ്പെടുന്നത് അപമാനകരമായി കണക്കാക്കുന്ന മനോഭാവത്തെ മൂഢത എന്നേ വർഗ്ഗീകരിക്കാനാവൂ. കാരണം, ഒരു സർക്കാരിനും അതിനു കീഴിലുള്ള മുഴുവൻ ജനങ്ങൾക്ക് ജോലി കൊടുക്കാനാവില്ല. എല്ലാവർക്കും ലഭിക്കാനിടയില്ലാത്ത ഒരു അവസരത്തിനു വേണ്ടി എല്ലാവരും കാത്തിരിക്കുക വലിയൊരു വിഢ്ഢിത്തം തന്നെയല്ലേ? ഇത്തരം വിഢ്ഢിത്തങ്ങളെ മുഖമുദ്രയാക്കി കൊണ്ടു നടക്കുന്ന ഒരു സമൂഹമായി നമ്മൾ എന്നേ മാറിക്കഴിഞ്ഞല്ലോ.



തൊഴിലില്ലായ്മയെക്കുറിച്ച് വിലപിക്കുന്ന അതേയിടത്തിൽ തന്നെ തൊഴിലെടുക്കാൻ ആളെക്കിട്ടാനില്ലാത്ത വൈരുദ്ധ്യത്തിലാണിന്ന് കേരളം. ഈ അവസ്ഥയാണ് നമ്മുടെയത്ര 'സാക്ഷരതാമഹത്വം' ഇല്ലാത്ത തമിഴ്നാട്ടുകാർ ഉപകാരപ്പെടുത്തുന്നത്. അങ്ങിനെ കേരളീയന് നരകമായി തോന്നുന്ന സ്വന്തം മണ്ണ് അയൽനാട്ടുകാരന്റെ സ്വർഗ്ഗ ഭൂമിയായി മാറിയിരിക്കുന്നു.

ഒറ്റയും തെറ്റയുമായി വന്ന് കേരളത്തിലെ തൊഴിലാളിക്ഷാമം പരിഹരിച്ച തമിഴർ ക്രമേണ കേരളത്തിന്റെ അടിയാള-തൊഴിലാളി വർഗ്ഗമായി മാറിയിരിക്കുന്നു ഇപ്പോൾ. ഭിക്ഷാടനവും പഴയകുപ്പികളും ലോഹങ്ങളും ശേഖരിക്കലും വഴിയോരത്തെ കാന നിർമ്മാണവും തൊട്ട് കെട്ടിടനിർമ്മാണവും ഇഷ്ടികനിർമ്മാണവും വാർക്കപ്പണിയുമൊക്കെ കുറഞ്ഞ കൂലിവാങ്ങി കൂടുതൽ നേരം പണിയെടുക്കുന്ന തമിഴ്മക്കളുടെ കൈപ്പിടിയിലൊതുങ്ങുകയാണ്.

കേരളീയർ ഉപേക്ഷിച്ചിട്ടു പോന്ന തൊഴിലവസരങ്ങളിൽ മാത്രമല്ല തമിഴ്നാട്ടുകാർ വന്നുനിറയുന്നത്. ഇരുചക്രവാഹനങ്ങളിൽ ഊരു ചുറ്റി ചെറിയ തുകകൾ പലിശയ്ക്കുകൊടുത്ത്, കടം വാങ്ങാൻ മടിയില്ലാത്ത മലയാളിയെ ധാരാളിയാക്കുന്നതും ഇതേ അയൽക്കാരാണ്. ഭിക്ഷാടനവും പണം പലിശക്കുകൊടുക്കലും ഒരേ തമിഴ്നാണയത്തിന്റെ രണ്ടു വശങ്ങളായി കേരളത്തിൽ വേരു കണ്ടെത്തുമ്പോൾ, കേരളം വീണ്ടും തമിഴ്നാടിന്റെ ആശ്രിതരാവുകയാണ് മറ്റൊരർത്ഥത്തിൽ.

അരിക്കും പച്ചക്കറിക്കും ഇറച്ചിക്കും മുട്ടക്കും തമിഴ്നാട്ടിൽ നിന്നും വരുന്ന ലോറികളെ കാത്തുനിൽക്കുന്ന കേരളം പണത്തിനും പണിയാളനും വേണ്ടി കൂടി ആ കാത്തിരിപ്പ് നീട്ടുകയത്രെ.

കേരളത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ ചുറ്റുപാടുകൾ തമിഴ്നാട്ടുകാർ സ്വാധീനിക്കുന്ന ഒരവസ്ഥ വിദൂരമല്ല. മലയാള ചിത്രങ്ങളെ പിന്തള്ളി തമിഴ് ചലച്ചിത്രങ്ങൾ കേരളത്തിലെ എ ക്ലാസ് മുതൽ സി ക്ലാസ് വരെയുള്ള തിയ്യേറ്ററുകളിൽ ആഴ്ചകളോളം നിറഞ്ഞ സദസ്സിൽ പ്രദർശിപ്പിക്കപ്പെടുന്നത് ഒരു തുടക്കം മാത്രം.